# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2115 18.06.2013-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിശദാംശം നൽകുമോ ; | സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ താഴെ ചേർക്കുന്നു.<br>1. സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ തുക ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ (2007-12) മൊത്തം പദ്ധതി അടങ്കൽ തുക 45,605 കോടി രൂപയായിരുന്നുവെങ്കിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012-17) അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ളത് 1,02,000 കോടി രൂപയാണ്.<br>2. അടുത്ത 20 വർഷത്തെ വികസന ലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് സമ്പദ്ഘടനയുടെ സ്ഥായിയായ വികസനം സാധ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'വിഷൻ 2030' തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.<br>3. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് മൂലധന നിക്ഷേപം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മുൻനിര പരിപാടികളും (Flagship Programmes) സവിശേഷ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. പദ്ധതികളുടെ രൂപകല്പന ഏപ്രിൽ-മെയ് മാസങ്ങളിൽ പൂർത്തിയാക്കി സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, പദ്ധതി നിർവ്വഹണത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വികസന വകുപ്പുകൾക്ക് അവാർഡ് നൽകുന്ന സമ്പ്രദായവും ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>6. പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലെ പ്രോജക്ടുകൾ ഉൾപ്പെടെ ബജറ്റിതര സ്രോതസ്സുകളിലൂടെയുള്ള നിക്ഷേപം പരമാവധി സമാഹരിക്കുന്നതിനും ഇത്തരം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് വിവിധ വികസന വകുപ്പുകളെ പ്രാപ്തരാക്കുന്നതിനും വേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ മൂന്നുവർഷത്തെ വളർച്ചാ നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | കഴിഞ്ഞ മൂന്നുവർഷത്തെ വളർച്ചാ നിരക്ക് താഴെ കൊടുത്തിരിക്കുന്നു.<br>വർഷം — വളർച്ചാ നിരക്ക്<br>2009-10 — 9.17%<br>2010-11 — 8.05%<br>2011-12 — 9.50% |
| (സി) | രാജ്യത്തെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ സംസ്ഥാനത്തിന്റേതാണെന്ന വസ്തുത ശരിയാണോ ; എങ്കിൽ ഇതിന് അടിസ്ഥാനമായ കാരണങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | രാജ്യത്തെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥകളിലൊന്നാണ് കേരളത്തിന്റേത്. 2012-13 ൽ സംസ്ഥാനം ദേശീയ ശരാശരി നിരക്കായ 6.2 ശതമാനത്തേക്കാൾ 3.31 ശതമാനം അധിക വളർച്ച നേടിയിട്ടുണ്ട്. ഇത് കഴിഞ്ഞ 10 വർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണ്. സേവന മേഖലയാണ് ജി.എസ്.ഡി.പി. യുടെ 70 ശതമാനവും സംഭാവന ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ വികസനത്തിനും തൊഴിലവസര സൃഷ്ടിക്കും പ്രാധാന്യം നൽകിക്കൊണ്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 8000 കോടിയിലേറെ രൂപ മൂലധന രംഗത്ത് നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ